പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 252

# 2020-ലെ കേരള കാർഷിക-ഗാർഹിക മേഖലകളിലെ വന്യജീവി ആക്രമണനിയന്ത്രണ ബിൽ

(ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 252

# 2020-ലെ കേരള കാർഷിക-ഗാർഹിക മേഖലകളിലെ വന്യജീവി ആക്രമണനിയന്ത്രണ ബിൽ

(ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

277/2020.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 252

# 2020-ലെ കേരള കാർഷിക-ഗാർഹിക മേഖലകളിലെ വന്യജീവി ആക്രമണനിയന്ത്രണ ബിൽ

(ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്തെ വനപ്രദേശത്തോട് ചേർന്നു കിടക്കുന്ന കാർഷിക-ഗാർഹിക മേഖലകളിലെ വന്യമൃഗ ആക്രമണംമൂലം നാശമുണ്ടാകുന്ന കൃഷിക്കും മനുഷ്യജീവനും സ്വത്തിനും സംരക്ഷണംനൽകുന്നതിനായി ഒരു ബോർഡ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ വനപ്രദേശങ്ങളോട് ചേർന്നു കിടക്കുന്ന കാർഷിക-ഗാർഹിക മേഖലകളിലെ വന്യമൃഗ ആക്രമണങ്ങൾമൂലം വ്യാപകമായ തോതിൽ കൃഷിനാശം ഉണ്ടാകുന്നതും അവിടങ്ങളിലുള്ള വീടുകൾക്കും സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നാശവും സർവ്വോപരി മനുഷ്യജീവൻ സംരക്ഷിക്കുന്നതിനും അവിടങ്ങളിലെ ആവാസ വ്യവസ്ഥയെ സംരക്ഷിച്ചുകൊണ്ട് ഒരു നിയമം ഉറപ്പ് വരുത്തേണ്ടത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിഒന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമ മുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.—(1) ഈ ആക്ടിന് "2020-ലെ കേരള കാർഷിക-ഗാർഹിക മേഖലകളിലെ വന്യമൃഗ ആക്രമണ നിയന്ത്രണ നിയമം" എന്ന് പേരു പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) കേരള സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതി മുതൽ ഈ നിയമം പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ നിയമത്തിന്റെ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം:—

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(ബി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു ;

(സി) "വകുപ്പ്" എന്നാൽ ഈ ആക്ടിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു ;

(ഡി) "വിജ്ഞാപനം" എന്നാൽ ഈ ആക്ട് പ്രകാരമുണ്ടാക്കിയ ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(ഇ) "കാർഷിക മേഖല" എന്നാൽ സംസ്ഥാനത്തെ വനമേഖലയോടു ചേർന്നുള്ള വിവിധ ഭൂമിയിടങ്ങൾ എന്നർത്ഥമാകുന്നു ;

(എഫ്) "ഗാർഹികമേഖല" എന്നാൽ സംസ്ഥാനത്തെ വനമേഖലയോടു ചേർന്നുള്ളതും കൃഷിയിടങ്ങൾക്ക് സമീപമുള്ളതുമായ വാസയോഗ്യമായ വീടും, അനുബന്ധ സ്ഥാപനങ്ങളും എന്നർത്ഥമാകുന്നു ;

(ജി) "ബോർഡ്" എന്നാൽ സംസ്ഥാനത്തെ വനമേഖലയോടു ചേർന്നുള്ള കാർഷിക-ഗാർഹിക മേഖലയിലെയും വന്യമൃഗ ആക്രമണം നിയന്ത്രിക്കുന്നതിനും, ആക്രമണത്തിനിരയാകുന്നവരെ സംരക്ഷിക്കുന്നതിനുമായി രൂപീകരിക്കുന്ന ബോർഡ് എന്നർത്ഥമാകുന്നു ;

(എച്ച്) "താലൂക്ക് ബോർഡ്" എന്നാൽ സംസ്ഥാനത്തെ വനമേഖലയോടു ചേർന്നുള്ള കാർഷിക-ഗാർഹിക മേഖലകളിലെയും വന്യമൃഗങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനും ആക്രമണത്തിനിരയാകുന്നവരെ സംരക്ഷിക്കുന്നതിനുമായി പ്രസ്തുത മേഖലയിലെ താലൂക്ക് അതിർത്തികൾക്കുള്ളിൽ പ്രവർത്തിക്കുന്നതിനായി രൂപീകരിക്കുന്ന ബോർഡ് എന്നർത്ഥമാകുന്നു.

3. <u>കേരള-കാർഷിക-ഗാർഹിക മേഖലകളിലെ വന്യമൃഗ ആക്രമണ നിയന്ത്രണ ബോർഡ് രൂപീകരണം.</u>—സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടു കൂടി വനമേഖലയോടു ചേർന്നുള്ള ജനവാസ കേന്ദ്രങ്ങളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും കൃഷിക്കും വന്യമൃഗ ആക്രമണങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനും അവിടങ്ങളിലെ ആവാസ വ്യവസ്ഥയെ പരിപാലിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും "കേരള കാർഷിക-ഗാർഹിക മേഖലയിലെ വന്യമൃഗ ആക്രമണ നിയന്ത്രണ ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.